❙ കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# സമൃദ്ധിയും സംതൃപ്തിയും

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ عَنِ النَّبِيِّ ﷺ قَالَ: لَيْسَ الْغِنَى عَنْ كَثْرَةِ الْعَرَضِ وَلَكِنَّ الْغِنَى غِنَى النَّفْسِ

**നബി(സ) പ്രസ്താവിച്ചതായി അബൂഹുറയ്‌റ(റ) പറഞ്ഞു: "വിഭവ സമൃദ്ധിയിലല്ല, ആത്മ സംതൃപ്തിയിലത്രെ ഐശ്വര്യം"** (ബുഖാരി, മുസ്‌ലിം)

**സമ്പാദിക്കുന്നതും** വിഭവങ്ങൾ സമാഹരിക്കുന്നതും ആഹാരം കഴിക്കുന്നതും ഭാര്യാസന്തതികളെയും മറ്റും തീറ്റിപ്പോറ്റുന്നതും അല്ലാഹു തൃപ്തിപ്പെട്ട കാര്യങ്ങളാണ്. അവൻ ഇഷ്ടപ്പെടുന്നതും ആജ്ഞാപിച്ചതുമായ എല്ലാ കാര്യങ്ങളിലും ധനം വിനിയോഗിക്കുന്നതും പുണ്യകർമം തന്നെ. വിഭവ സംഭരണവും വിനിയോഗവും അനുവദനീയ മാർഗങ്ങളിലൂടെയാകണമെന്നും കണിശമായി നിഷ്കർഷിക്കപ്പെട്ടിട്ടു ്. എന്തും എത്രയും എങ്ങനെയും സമ്പാദിച്ചും, ക മാനം വിഭവങ്ങൾ പെരുപ്പിച്ചും, തിന്നും കുടിച്ചും ഭോഗിച്ചും എത്ര കിട്ടിയാലും മതിവരാത്ത മനസ്സുമായി വിറളി പിടിച്ച കാളയെപ്പോലെ ആർത്തിപൂ‌ു നടക്കുന്ന ജീവിതശൈലി വിശ്വാസികൾക്ക് വിലക്കപ്പെട്ടതാണ്.

സമ്പാദിക്കുന്നതിലും അത് വിനിയോഗിക്കുന്നതിലും ദൈവഭക്തിയായിരിക്കണം ആരെയും നയിക്കേ ത്. ഈ ഉപാധിയോടെ ഒരു വിശ്വാസിക്ക് എത്രയും സമ്പാദിക്കാം. വിഭവാധിക്യം പക്ഷേ, അയാളെ തനി സുഖിയനും കർമശൂന്യനും അലസനും അധർമിയും ധൂർത്തനും ആക്കരുതെന്നേയുള്ളൂ. തെറ്റുകുറ്റങ്ങളിലും നിന്ദ്യവും നീചവുമായ കാര്യങ്ങളിലും അനിസ്‌ലാമിക പ്രവണതകളിലും ചെന്നുവീഴാതിരിക്കാനും ശ്രദ്ധിക്കണം. പൊങ്ങച്ചം, പ്രകടനപരത, ധൂർത്ത്, പിശുക്ക്, അസൂയ, അഹന്ത എന്നിങ്ങനെ കൈയിൽ കാശുള്ളവരെ പിടികൂടാറുള്ള ദുർഗുണങ്ങൾക്ക് തടയിടുകയും വേണം.

വിഭവങ്ങളുടെ പെരുപ്പം യഥാർഥ വിശ്വാസിയെ ആഹ്ലാദിപ്പിക്കുകയല്ല, അലോസരപ്പെടുത്തുകയാണ് ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹം തനിക്കുായത് പോലെ ഇല്ലാതാവുകയുമാവാം. അസൂയാലുക്കൾ വർധിക്കാം. തെറ്റ്കുറ്റങ്ങളിലേക്ക് തെന്നിത്തെറിക്കാനും ഇടയു്. ക മാനം സാധന സാമഗ്രികൾ ശേഖരിക്കുകയും അവയെ തലോടി സമയം തുലക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ഉത്തമദാസന്മാരായി ജീവിക്കാനും അവന്റെ മാർഗത്തിൽ സേവനം ചെയ്യാനും സമയം കിട്ടുകയില്ല. അതിനായുള്ള മാനസിക തയാറെടുപ്പിനും സൗകര്യം ലഭിക്കുകയില്ല. ഭൗതിക വിഭവങ്ങൾ നേടണമെന്ന ദുർമോഹങ്ങളിൽനിന്ന് മനസ്സിനെ നിയന്ത്രിക്കാൻ കഴിയാത്തവർക്ക് ജീവിതത്തിൽ സ്വസ്ഥത നഷ്ടമാവും. ഭോഗാലസമായ ഇത്തരമൊരു സമൂഹത്തെ കാത്തിരിക്കുന്നത് ആദ്, സമൂദ് ജനതകളുടെ അതേ പരിണതിയായിരിക്കും.

കീശയുടെ കനവും ബാങ്കിലെ സൂക്ഷിപ്പും ഭൂസ്വത്തുക്കളുടെ പരപ്പുമൊന്നും യഥാർഥ ഐശ്വര്യത്തിന്റെയോ മനസ്സമാധാനത്തിന്റെയോ ലക്ഷണങ്ങളാവുന്നില്ല. വിശ്വാസിയെ സംബന്ധിച്ചേടത്തോളം ഐശ്വര്യം ഭൗതികോപാധികളായി ഭൂമിയിലെങ്ങും വ്യാപിച്ചു കിടക്കുകയല്ല, ദൈവസ്മരണയിലധിഷ്ഠിതമായ ആത്മസംതൃപ്തിയായി അത് ഹൃദയത്തിൽ ജ്വലിച്ചു നിൽക്കുകയാണ് ചെയ്യുക. കിട്ടിയതിൽ തൃപ്തരായും ദാതാവായ അല്ലാഹുവിന് നന്ദി പ്രകാശിപ്പിച്ചും കൃതാർഥരായിക്കഴിയുന്നവരുടെ അകത്തളം സന്തോഷപൂരിതമായിരിക്കുമെന്ന് സാരം. അവർ ധനം കുറഞ്ഞവരായാലും. ഈ ഗുണമാർജിച്ചവർ ദുരാഗ്രഹികളോ സാമ്പത്തികക്കുറ്റങ്ങളിൽ മുഴുകുന്നവരോ ആയിരിക്കില്ല. സദ്ഗുണങ്ങളുടെ മകുടോദാഹരണങ്ങളായിരിക്കുമവർ. ●